**കേരള സർക്കാർ**

**നമ്പർ. 78842/ആർ.ഡി.3/2008/ത.സ്വ.ഭ.വ.** **തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്**

**തിരുവനന്തപുരം,തീയതി 20/04/2011**

## സർക്കുലർ

**വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് – തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ 'പ്രതിപക്ഷ നേതാവ് 'എന്ന പദവി നിർത്തലാക്കുന്നത് സംബന്ധിച്ച്.**

കേരളത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിലനിന്നുപോരുന്ന പ്രതിപക്ഷനേതാവ് എന്ന പദവി നിർത്തലാക്കുവാൻ നിർദ്ദേശം നല്ലണമെന്നാവശ്യപ്പെട്ടുകൊണ്ട്, ബഹു.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ മുമ്പാകെ 948/08 നമ്പർ ഒ.പി ഫയൽ ചെയ്തിരുന്നു. അതിന്മേൽ ബഹു.ഓംബുഡ്സ്മാൻ 21/01/2009-ൽ പുറപ്പെടുവിച്ച അന്തിമ ഉത്തരവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിപക്ഷ നേതാവിന്റെ പദവി സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാനും ആയതിന് വേണ്ടത്ര പ്രചാരണം നൽകുവാനും സർക്കാരിന് നിർദ്ദേശം നല്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നത് വരെ തൽസ്ഥിതി തുടരാനും ഉത്തരവായിട്ടുണ്ട്.

കേരള പഞ്ചായത്ത്‌രാജ് ആക്റ്റ്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിൽ പ്രതിപക്ഷനേതാവ് എന്ന പദവിയെയോ,അംഗങ്ങളുടെ കാര്യത്തിൽ ഭരണപക്ഷം, പ്രതിപക്ഷം എന്നിങ്ങനെ തരം തിരിവിനെയോ സംബന്ധിച്ച് പരാമർശം ഇല്ല. മേൽ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രതിപക്ഷ നേതാവ് എന്ന പദവിക്ക് നിയമസാധുത ഇല്ലാത്തതിനാൽ ഏതെങ്കിലും അംഗത്തിന് ആ നിലയിൽ പ്രത്യേക സൗകര്യമോ ആനുകൂല്യങ്ങളോ അനുവദിക്കാൻ പാടില്ല എന്നും അത്തരം ഏതെങ്കിലും പ്രത്യേക സൗകര്യമോ ആനുകൂല്യമോ നൽകി വരുന്നുണ്ടെങ്കിൽ അവ ഉടനടി നിർത്തലാക്കണമെന്നും സർക്കാർ ഇതിനാൽ നിർദ്ദേശിക്കുന്നു. ഇതനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിമാർ ഇക്കാര്യത്തിൽ ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**എസ്.എം.വിജയാനന്ദ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

രജിസ്ട്രാർ,ബഹു.തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ ഓഫീസ് (ഉപരി പത്രം സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും

നഗരകാര്യ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും , ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ/ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന് (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)

തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

കരുതൽ ഫയൽ/ഓഫിസ് കോപ്പി.

പകർപ്പ്: ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എ
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ